

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മതിലകം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 9) 60/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 07/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മതിലകം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ),തൃശ്ശൂർ
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 9) 60/2022 തീയ്യതി: 07/05/2022

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-03-2019 മുതൽ 24-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഷാജി.കെ	ജോയിന്റ് ഡയറക്ടർ	18-12-2021	24-12-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
18-12-2021	24-12-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശിവൻ.പി.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. സീനത്ത്.പി.എ, ഓഡിറ്റ് ഓഫീസർ
ശ്രീ. നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിദ്യ.ഒ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ബിന്ദു.കെ.എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.കെ.കെ.അബീദലി	പ്രസിഡന്റ്	01-04-2020	21-12-2020
ശ്രീമതി.സി.കെ.ഗിരിജ	പ്രസിഡന്റ്	22-12-2020	31-03-2021
ശ്രീമതി.വിനീത സോമൻ	സെക്രട്ടറി	01-04-2020	05-08-2020
ശ്രീ.അംബ്രോസ് മൈക്കിൾ.ടി.കെ	സെക്രട്ടറി	06-08-2020	09-08-2020
ശ്രീമതി.അമ്മുക്കുട്ടി പി.സ്കറിയ	സെക്രട്ടറി	10-08-2020	01-02-2021
ശ്രീ. എസ്.വിക്രമൻ ആശാരി	സെക്രട്ടറി	02-02-2021	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സന്തോഷ്.എം.പി	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2020	31-03-2021
ശ്രീമതി.ബിന്ദു.കെ.സി	അസി.എഞ്ചിനീയർ	01-04-2020	31-03-2021
ശ്രീ.ഗിരീഷ് കുമാർ.പി	പട്ടിക ജാതി വികസന ഓഫീസർ	01-04-2020	31-03-2021
ശ്രീമതി.ജ്യോതി.പി.ബിന്ദു	കൃഷി അസി.ഡയറക്ടർ	01-04-2020	31-03-2021
ശ്രീമതി.ബിന്ദുജ.കെ.എസ്.	ക്ഷീര വികസന ഓഫീസർ	01-04-2020	19-06-2020
ശ്രീമതി.രമ്യ പി	ക്ഷീര വികസന ഓഫീസർ	20-06-2020	31-03-2021
ശ്രീ.സെബാസ്റ്റ്യൻ ഡൊമനിക്ക്	വ്യവസായ വികസന ഓഫീസർ	01-04-2020	20-08-2020
ശ്രീ.സതീഷ്	വ്യവസായ വികസന ഓഫീസർ	21-08-2020	23-11-2020
ശ്രീ.മനോജ്.ടി	വ്യവസായ വികസന ഓഫീസർ	24-11-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-1
2	വാർഷിക ധനകാര്യ പത്രിക Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-2
3	സാമ്പത്തിക വിശകലനം Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-3
4	ഫണ്ട് വിനിയോഗം Written By: P.A.Seenath (Audit Officer, On 10-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-4
5	പദ്ധതി അവലോകനം Written By: P.A.Seenath (Audit Officer, On 10-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-5
6	ക്യാഷ് ബാലൻസ് പരിശോധന Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-6
7	ആഭ്യന്തര നിയന്ത്രണം Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-7
8	അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-8
9	ഡിമാന്റ് എൻട്രി രണ്ടു തവണ മാത്രം Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-9
10	ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-10
11	വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-11
12	വാടകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-12
13	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-13
14	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-14
15	വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-15
16	അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-16
17	Capital Work In Progress-വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-17
18	അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി	1-18

	സൂക്ഷിച്ചിട്ടില്ല Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	
19	പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക ഹാജരാക്കിയിട്ടില്ല Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-19
20	കെട്ടിട മുറികൾ ഒഴിവ് - ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് Written By: Bindhu (Auditor, On 12-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-20
21	പണമടവു പരിശോധന - അപാകതകൾ Written By: Bindhu (Auditor, On 12-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-21
22	മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-22
23	ബ്ലോക്ക് ലെവൽ പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-23
24	ധനവിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-24
25	ശിശു വികസന ഓഫീസ് അടിസ്ഥാന സൗകര്യമൊരുക്കൽ - പ്രവൃത്തി വാലേഷൻ നടത്തിയിട്ടില്ല Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-25
26	പ്രോജക്ടുകളുടെ UTR ലഭ്യമാക്കേണ്ടതാണ് Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 12-04-2022)	1-26
27	വനിത ഗ്രൂപ്പ് സംരംഭങ്ങൾക്ക് പുതിയ യൂണിറ്റിന് സബ്സിഡി (ജനറൽ) - സബ്സിഡി അധികം നൽകി Written By: P.A.Seenath (Audit Officer, On 12-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-27
28	വനിത ഗ്രൂപ്പ് സംരംഭകർക്ക് പുതിയ യൂണിറ്റിന് സബ്സിഡി - ജനറൽ - നാളിതു വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല Written By: P.A.Seenath (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-28
29	വനിത ഗ്രൂപ്പ് സംരംഭകർക്ക് പുതിയ യൂണിറ്റിന് സബ്സിഡി - (പട്ടികജാതി വനിത)- സംരംഭം നാളിതു വരെ ആരംഭിച്ചിട്ടില്ല Written By: P.A.Seenath (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-29
30	പരമ്പരാഗത കൈത്തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിത ഗ്രൂപ്പുകൾക്ക് ധനസഹായം-തുക ക്രെഡിറ്റിൽ വന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല Written By: P.A.Seenath (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-30
31	കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികൾ	1-31

	നടത്തിപ്പ് ചട്ടങ്ങൾക്കനുസൃതമായി ടെൻഡർ നടത്തിയിട്ടില്ല Written By: P.A.Sivan (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 07-05-2022)	
32	ക്ഷീര വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - വിനിയോഗ വിവരം ഇല്ല Written By: Bindhu (Auditor, On 12-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-32
33	കന്നുകുട്ടി പരിപാലനം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല Written By: Bindhu (Auditor, On 12-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-33
34	സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ Written By: Nirmal K G (Audit Officer, On 12-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-34
35	UTR സ്റ്റേറ്റ്മെന്റുകൾ, പ്രൊജക്ട് ഫോറങ്ങൾ എന്നിവ ഫയലിനോടൊപ്പം സൂക്ഷിക്കുന്നില്ല Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-35
36	പി.എം.എ.വൈ ഭവന നിർമ്മാണം:- നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല Written By: Nirmal K G (Audit Officer, On 12-01-2022) Last Updated By: P.A.Sivan (Audit Officer, On 07-05-2022)	1-36
37	നോൺ മിട്രിയാറ്റിക്ക് ക്യാമറ വാങ്ങൽ - ബാക്കി തുക ലഭിച്ചിട്ടില്ല Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-37
38	മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും Written By: P.A.Sivan (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-38
39	ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല Written By: P.A.Sivan (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 07-05-2022)	1-39
	ഭാഗം 2	
1	. Written By: P.A.Seenath (Audit Officer, On 12-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	--
	ഭാഗം 3	
1	വനിത ഗ്രൂപ്പ് സംരംഭങ്ങൾക്ക് പുതിയ യൂണിറ്റിന് സബ്സിഡി (ജനറൽ) - സബ്സിഡി അധികം നൽകി Written By: P.A.Seenath (Audit Officer, On 12-01-2022) Last Updated By: P.A.Sivan (Audit Officer, On 07-05-2022)	3-1
	ഭാഗം 4	
1	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: P.A.Seenath (Audit Officer, On 28-12-2021) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ Written By: P.A.Seenath (Audit Officer, On 28-12-2021) Last Updated By: P.A.Sivan (Audit Officer, On 12-04-2022)	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് Written By: P.A.Seenath (Audit Officer, On 28-12-2021) Last Updated By: P.A.Sivan (Audit Officer, On 12-04-2022)	4-3
4	വായ്പ/ വായ്പ തിരിച്ചടവ് Written By: P.A.Sivan (Audit Officer, On 12-01-2022)	4-4

	Last Updated By: P.A.Sivan (Audit Officer, On 12-04-2022)	
5	സ്ഥിരനിക്ഷേപങ്ങൾ Written By: P.A.Seenath (Audit Officer, On 28-12-2021) Last Updated By: P.A.Sivan (Audit Officer, On 12-04-2022)	4-5
6	ഓഡിറ്റ് റിക്കവറി Written By: P.A.Seenath (Audit Officer, On 28-12-2021) Last Updated By: P.A.Sivan (Audit Officer, On 12-04-2022)	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം Written By: P.A.Seenath (Audit Officer, On 28-12-2021) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	4-7
8	ചാർജ്ജ് സർചാർജ്ജ് Written By: P.A.Seenath (Audit Officer, On 28-12-2021) Last Updated By: P.A.Sivan (Audit Officer, On 12-04-2022)	4-8
9	ഓഡിറ്റ് പ്രത്യവലോകനം Written By: P.A.Seenath (Audit Officer, On 28-12-2021) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ Written By: P.A.Seenath (Audit Officer, On 28-12-2021) Last Updated By: P.A.Sivan (Audit Officer, On 07-05-2022)	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം	20.03.2021	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	877587000	875664000
റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം	പാസ്സാക്കിയിട്ടില്ല.	

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-07-2021	17-06-2021

1-3 സാമ്പത്തിക വിശകലനം

-	തുക (രൂപ)
മുന്നിരിപ്പ്	29633809/-
ഓഡിറ്റ് വർഷത്തെ വരവ്	79403225/-
ആകെ	109037034/-
ഓഡിറ്റ് വർഷത്തെ ചെലവ്	81225439/-
നീക്കിയിരിപ്പ്	27811595/-

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	വരവ്	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട്-ജനറൽ	35352187	35352187	0
വികസനഫണ്ട്-എസ് സി പി	17834227	17834227	0
മെയിന്റനൻസ്-റോഡിതരം	6366944	6366944	0
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	6073961	6073961	0

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പിലാക്കിയത്	നടപ്പിലാക്കാത്തത്	പൂർത്തീകരിച്ചതിന്റെ ശതമാനം
116	117504441	80	77677875	29	07	69%

1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 22.12.2021 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം കളക്ഷൻ ഇല്ല എന്നത് ബോധ്യപ്പെട്ടിട്ടുണ്ട്.

1-7 ആഭ്യന്തര നിയന്ത്രണം

വാടക രജിസ്റ്റർ ഓരോ വർഷത്തെയും കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

1-8 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

1-9 ഡിമാന്റ് എൻടി രണ്ട തവണ മാത്രം

2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രുവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമഗ്ര സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമഗ്ര സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻടികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തലുകൾ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ രണ്ട് തവണയായി ഡിമാന്റ്/ഡിമാന്റ് കറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻടികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയതി	വൗച്ചർ
കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കെട്ടിടങ്ങൾ)	130100101-Rent From Building	689701 253904	01.04.2020 09.05.2020	42000018 42000010

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉണ്ടാവുന്ന സമയത്ത് തന്നെ അക്രുവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻടികൾ/ഡിമാന്റ് കറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂകരിക്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്. വാടക ഡിമാന്റ് ഇക ലെഡ്ജർ പ്രകാരവും വാർഷിക കണക്ക പ്രകാരവും വ്യത്യാസമുണ്ട്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 13/22-12-2021)

1-10 ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും ഇക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്ത രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

1. വാടക ഡിമാന്റ് രജിസ്റ്റർ

1.1. അക്രുവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന ഇകകൾ പരിശോധിക്കുന്നതിന് ഡിമാന്റ് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല.

മുറി വാടക

ഇനം	ഡിമാന്റ് കളക്ഷൻ		മുൻതൂർ ക്രമീകരിച്ചത്	എഴുതി തള്ളിയത്	ബാലൻസ്
കെട്ടിടങ്ങളിൽ നിന്നുള്ള വാടക (130100101)	707704	233143	-	235901	474561

കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കടിശ്ശിക) (431400102)	911527	63871	-	-	847656

1.2. കാഷ് അടിസ്ഥാനത്തിൽ (അക്രുവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക	റസീറ്റ് & പേയ്മെന്റ് പുസ്തിക പ്രകാരം	രജിസ്റ്റർ പ്രകാരം കളക്ഷൻ
Sale Of Scrap (150120103)	3520	3520	രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
Sale Of Tender Forms (150110101)	24200	24200	രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-11 വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ തുണ്ടുകടലാസുകളിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) തുണ്ട് വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും അധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് തുണ്ട് എൻട്രികൾ രേഖപ്പെടുത്തുന്നത്.

1-12 വാടകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ, തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-14 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1822214/- രൂപയാണ്. എന്നാൽ ഇതേ പുസ്തികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 29633809/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-15 വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല

2020-21 വർഷത്തെ Income And Expenditure പത്രിക പ്രകാരം 12258693/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-16 അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം 609359/- രൂപ അഡ്വാൻസ് ഉണ്ട്. എന്നാൽ ഇതിന്റെ കൃത്യത പരിശോധിക്കുന്നതിന് അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

1-17 Capital Work In Progress-വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല

31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-11(A)) പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 616525/- രൂപയാണ്. എന്നാൽ ഇതിന്റെ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

1-18 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നി ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

1-19 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക ഹാജരാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക ഹാജരാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 57))

ക്രമ. നം	ബാങ്ക്
1.	SGSY-RENT BOB-OWN FUND 2
2.	TRY.TSB A/C
3.	TRY.NABARD FUND
4.	Nationalised Bank-IAY Plan Share
5.	Nationalised Bank-TSC Fund
6.	Plan Fund A/C
7.	IAY Budget Share Bank A/C
8.	Plan Fund KDLR BLCK(Indian Bank)
9.	Try Special TSB-Joint Venture

1-20 കെട്ടിട മുറികൾ ഒഴിവ് - ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1. വേക്കോട് വ്യവസായ കേന്ദ്രം റൂം നമ്പർ 15 (ബിൽഡിങ്ങ് നമ്പർ 17/488)-ലെ വാടകക്കാരിയായ ശ്രീമതി. സന്ധ്യ ദിലീപ് എന്നിവർ 25-03-2009 മുതൽ വാടക കുടിശ്ശിക അടവാക്കാനുള്ളതായി രജിസ്റ്റർ പ്രകാരം കാണുന്നു. ആയതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. 26.10.2009 മുതൽ 20.12.17 വരെ ആകെ ഈടാക്കാനുള്ള കുടിശ്ശിക 203794/- രൂപയാണ് എന്ന് കുടിശ്ശിക പട്ടിക പ്രകാരം കാണുന്നു. 20-03-2020-ലെ എ1111/2009 രജിസ്റ്റേർഡ് കത്ത് പ്രകാരം നാളിതുവരെ കുടിശ്ശിക അടവാക്കാത്ത സാഹചര്യത്തിൽ ടി കെട്ടിടം ഇനിയൊരറിയിപ്പ് കൂടാതെ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നതാണെന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം ടി കെട്ടിടം ഒഴിവായിട്ടാണ് കാണുന്നത്. ടി മുറി പുനർ ലേലം ചെയ്യാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

2. താഴെ പറയുന്ന കെട്ടിട മുറികൾ 2019-20, 2020-21 വർഷങ്ങളിൽ ഒഴിവുള്ളതായി കാണുന്നു. ടി മുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കേണ്ടതാണ്.

	റൂം നമ്പർ
എറിയാട് എസ്.ജി.എസ്.ഭവ.	4

"	6
"	7
വെക്കോട് ബ്ലോക്ക് കോമ്പൗണ്ട്	16
"	35
"	40
മുന്നംപിടിക എസ്.ജി.എസ്.ഒ.	42
"	43
"	44
"	45
"	46
"	48
"	49
"	50

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/24.12.21 ഇ് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-21 പണമടവു പരിശോധന – അപാകതകൾ

പണമടവു പരിശോധനയിൽ താഴെ പറയുന്ന തുകകൾ ബാങ്ക് പാസ്സ് ബുക്കിൽ (ബാങ്ക് ഓഫ് ബറോഡ – അക്കൗണ്ട് നം. 11300100000-7628) പണം അടച്ചതായി കാണാതിരുന്നിട്ടും ഡേ ബുക്കിൽ ഈ തുകകൾ വരവ് വന്നിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പാസ്സ് ബുക്കിൽ വന്ന തീയതി	തുക
16-06-20	1900/-
13-10-20	13514/-
19-10-20	11390/-
20-10-20	2400/-
22-10-20	12806/-
13-11-20	6100/-
16-11-20	3000/-
18-11-20	47000/-
18-11-20	6160/-
18-11-20	34000/-
19-11-20	35000/-
30-11-20	7340/-
23-12-20	44700/-
23-12-20	4780/-
23-12-20	7497/-
23-12-20	12100/-
29-12-20	3572/-
30-12-20	5860/-
04-01-21	5400/-
08-01-21	7497/-
30-01-21	2714/-
10-02-21	7873/-

17-02-21	24088/-
25-02-21	2084/-
ആകെ	308775

ഡേ ബുക്കിൽ വരാതെ ബാങ്ക് പാസ്സ് ബുക്കിൽ മാത്രം ഈ തുകകൾ വന്നിട്ടുള്ളതിന്റെ കാരണം അന്വേഷിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (എൻക്വയറി നമ്പർ 1/20-12-21) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രതിമാസ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്കിൽ മേൽ തുകകൾ പ്രതിഫലിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കാനായിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-22 മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി. എച്ച്. സി, പെരിഞ്ഞനം

പ്രൊജക്ട് നമ്പർ	20/21
പ്രൊജക്ടിന്റെ പേര്	പെരിഞ്ഞനം സി.എച്ച്.സി. യിലേയ്ക്ക് മരുന്നു വാങ്ങൽ
അടങ്കൽ	815260/-
ചെലവ്	729087/- (314316/- വികസന ഫണ്ട് + 414771/- മെയിന്റനൻസ് ഫണ്ട്- റോഡിതരം)
ബിൽനമ്പർ	58/27.03.21

മേൽ ബില്ലിൽ ഉൾപ്പെടുത്തി 270015/- രൂപ (പ്രൊഫോർമ ഇൻവോയ്സ് PRF-6075/09.03.21, 270015/-) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട്. ആയതിൽ 90310/- (44328/- + 25349/- + 20633/-) രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 23/24.12.21) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

1-23 ബ്ലോക്ക് ലെവൽ പാലിയേറ്റീവ് കെയർ പദ്ധതി – മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി. എച്ച്. സി, പെരിഞ്ഞനം

പ്രൊജക്ട് നമ്പർ	23/21
പ്രൊജക്ടിന്റെ പേര്	ബ്ലോക്ക് ലെവൽ പാലിയേറ്റീവ് കെയർ പദ്ധതി
അടങ്കൽ	900000/-
ചെലവ്	570716/- (വികസന ഫണ്ട്)

ബിൽ നം. 13/14.07.20 ഉൾപ്പെടുത്തി 4,00,000/- രൂപ (പ്രൊഫോർമ ഇൻവോയ്സ് PRF-1337/03.07.20) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട്. ആയതിൽ 272654/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെട്ട മരുന്നായതുകൊണ്ടും അടിയന്തിര സ്വഭാവമുള്ളതുകൊണ്ടും ബാക്കി 127346/- രൂപയുടെ മരുന്നുകൾ എത്രയും പെട്ടന്ന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നമ്പർ. 23/24.12.21) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

1-24 ധനവിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ	ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ

താഴെ പറയുന്ന പദ്ധതികൾ പ്രകാരം വിഹിതം വകയിരുത്തുന്നത് സംബന്ധിച്ച സംയുക്ത തീരുമാനം, ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള റിക്വിസിഷനുകൾ, പ്രോജക്ട് ഫോറങ്ങൾ, ധനവിനിയോഗസാക്ഷ്യപത്രങ്ങൾ എന്നിവ ലഭ്യമായിട്ടില്ല.

പദ്ധതിയുടെ പേര്	അടങ്കൽ തുക	ചെലവ് തുക	ബിൽ നമ്പർ	റിമാർക്ക്	പരാമർശം
85/21 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്പോട്ടർഷിപ്പ്- വിഹിതം കൈമാറൽ	31,50,000/- (വികസന ഫണ്ട് - ജനറൽ)	31,22,900/-	22000822/ 18.03.21	4,22,900/-	ടി ബില്ലുകളുടെ പകർപ്പുകൾ മാത്രമാണ് ഫയലിലുള്ളത്. ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് തുക കൈമാറിയത് എന്നതിന്റെ വിശദാംശങ്ങളില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.
			22000624/ 29.09.20	1,50,000/-	
			22000603/ 09.02.21	1,66,500/-	
			22000602/ 09.02.21	62,800/-	
			22000601/ 09.02.21	1,54,600/-	
			22000598/ 09.02.21	8,00,000/-	
			22000597/ 09.02.21	6,00,000/-	
			22000742/ 09.02.21	2,00,000/-	
			22000744/ 16.02.21	1,00,000/-	
			22000748/ 16.02.21	83,500/-	
			22000782/ 14.03.21	3,82,600/-	
			ആകെ	31,22,900/-	
84/21- അംഗൻവാടി അനുപൂരക പോഷകാഹാരം - വിഹിതം കൈമാറൽ	34,50,000/- (വികസന ഫണ്ട് - ജനറൽ), സി.എഫ്.സി അവാർഡ്	34,47,661/-	22000283/ 26.06.20	6,13,050/-	ടി ബില്ലുകളുടെ പകർപ്പുകൾ മാത്രമാണ് ഫയലിലുള്ളത്. ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് തുക കൈമാറിയത് എന്നതിന്റെ വിശദാംശങ്ങളില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.
			2200424/ 7.9.20	1,60,650/-	
			22000425/ 7.9.20	4,73,386/-	
			22000426/ 4.9.20	2,68,080/-	
			22000427/ 9.9.20	3,10,888/-	
			22000558/ 29.9.20	3,29,794/-	
			22000566/ 29.9.20	14,464/-	
			22000606/ 29.9.20	4,13,625/-	
			22000626/ 21.10.20	1,18,341/-	
			22000653/ 27.10.20	4,50,000/-	

				22000618/ 11.11.20	1,06,167/-	
				22000673/ 15.1.21	70,771/-	
				22000600/ 15.1.21	36,950/-	
				22000614/ 15.1.21	67,456/-	
				22000747/ 16.2.21	14,039/-	
					34,47,661/-	
	115/21 - ടിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- വിഹിതം കൈമാറൽ	3,50,000/- (വികസന ഫണ്ട് - ജനറൽ)	3,50,000/-	22000215/ 05.05.20	3,50,000/-	ടി ബില്ലുകളുടെ പകർപ്പുകൾ മാത്രമാണ് ഫയലിലുള്ളത്. ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് തുക കൈമാറിയത് എന്നതിന്റെ വിശദാംശങ്ങളില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 9/ 22.12.2021)

വിഹിതം വകയിരുത്തുന്നത് സംബന്ധിച്ച സംയുക്ത തീരുമാനം, ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള റിക്വസിഷനുകൾ എന്നിവ ലഭ്യമാക്കുന്നതിനും സംയുക്ത കരാറിൽ ഏർപ്പെട്ടിട്ടില്ല എന്നതിനാൽ ഓഡിറ്റ് എൻക്വയറി നൽകിയതിന്, പഞ്ചായത്ത് റിക്വസിഷൻ നൽകുന്നതിന് പകരം ബന്ധപ്പെട്ട ഐ.സി.ഡി.എസ് സൂപ്പർവൈസർ പഞ്ചായത്തിലേക്ക് റിക്വിസിഷൻ നല്കുകയും പഞ്ചായത്ത് അപ്രൂവ് ചെയ്ത് സി.ഡി.പി.ഒ. യുടെ ലോഗിനിലേക്ക് ഓൺലൈൻ മുഖേന അയച്ചു നൽകുകയുമാണ് ചെയ്തു വരുന്നത് എന്നാണ് മറുപടി നല്കിയത്. വിഹിതം വകയിരുത്തിയത് സംബന്ധിച്ച തീരുമാനത്തിന്റെ പകർപ്പ് പ്രൊജക്ട് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്. സംയുക്ത പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ സ.ഉ. 11/2018/LSGD തീയതി. 29.01.2018 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്.

കൂടാതെ വിഹിതം നല്കിയ സ്ഥാപനങ്ങളിൽ നിന്നും ധനവിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 ശിശു വികസന ഓഫീസ് അടിസ്ഥാന സൗകര്യമൊരുക്കൽ - പ്രവൃത്തി വാലുവേഷൻ നടത്തിയിട്ടില്ല

പ്രോജക്ട് നമ്പർ	112/21 ശിശു വികസന ഓഫീസ് അടിസ്ഥാന സൗകര്യമൊരുക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥ	ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ
അടങ്കൽ	3,00,000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)
ബിൽ നം./ വൗച്ചർ നം.	16/ 15.05.20- 189043/-
	22000568/ 04.09.20.- 110957/-

ഇൻവോയ്സ് നം.	608/ 09.03.20- 187454.36/- 782/ 31.03.20- 110958/-

മേൽ പദ്ധതി പ്രകാരം എക്സികൂട്ടീവ് ടേബിൾ, കബോർഡ് വർക്കുകൾ എന്നിവ ചെയ്യുന്നിന് (16.027 X 9912= 187454.36/- രൂപ, 9.407 X 9912= 110958/- രൂപ - Executive Table By Using 18 Mm Particle Board Incl. Drawer, Cupboard With Sliding Keyboard, File Manager And Steel Handle) ആർട്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് തുക കൈമാറിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) മേൽ പ്രവൃത്തി, ക്ഷമതയുള്ള ഉദ്യോഗസ്ഥൻ വാല്യേഷൻ നടത്തിയിട്ടില്ല.

2) മേൽ ബില്ലിൽ നിന്നും ജി.എസ്.ടി 2% കുറവ് ചെയ്തിട്ടില്ല.

3) ആർട്കോ ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാർ ഒപ്പുവച്ചിട്ടില്ല.

സാങ്കേതിക ജ്ഞാനം ആവശ്യമുള്ള ജോലിയായതിനാൽ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ വാല്യേഷൻ നടത്തിയതിനു ശേഷമാണ് തുക കൈമാറേണ്ടത്. ആയതിന്റെ വിവരവും കരാർ ഉടമ്പടിയും ലഭ്യമാക്കേണ്ടതാണ്. അപാകതകൾ ഭാവിയിൽ ആവർത്തിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻകൃയറി നം. 09/22.12.2021)

1-26 പ്രോജക്ടുകളുടെ UTR ലഭ്യമാക്കേണ്ടതാണ്

ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ നടപ്പിലാക്കിയ 2020-21 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ UTR ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1-27 വനിത ഗ്രൂപ്പ് സംരംഭങ്ങൾക്ക് പുതിയ യൂണിറ്റിന് സബ്സിഡി (ജനറൽ) - സബ്സിഡി അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ – വ്യവസായ വികസന ഓഫീസർ

പ്രോജക്ട് നം. 91/21 (സ്പിൻ ഓവർ)

വൗച്ചർ നം. തി -22000675/13.01.21 - 514275/-

ശ്രീകൃഷ്ണ ആക്ടിവിറ്റി ഗ്രൂപ്പ് പ്രവർത്തന റിപ്പോർട്ട് പ്രകാരം പ്രവർത്തനത്തിനാവശ്യമായ ഫണ്ട് -300000/- (ബാങ്ക് ലോൺ) + 50000/- (ഗ്രൗണ്ടോകൃവിഹിതം) കൂടി 350000/- രൂപയാണ്. ആയതിന്റെ 85% മാത്രമാണ് സബ്സിഡിയിനത്തിൽ നൽകേണ്ടത്. എന്നാൽ ഇതിന് വിരുദ്ധമായി 1500/- അധികം നൽകിയിട്ടുണ്ട്. 350000/- X 85%=297500/- നൽകേണ്ടതിന് പകരം 299000/- രൂപ മേൽ പ്രകാരം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.
(ഓഡിറ്റ് എൻകൃയറി നം. 17/23.12.2021)

1-28 വനിത ഗ്രൂപ്പ് സംരംഭകർക്ക് പുതിയ യൂണിറ്റിന് സബ്സിഡി - ജനറൽ - നാളിതു വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – വ്യവസായ വികസന ഓഫീസർ
പ്രോജക്ട് നം. 72/20-21

വകയിരുത്തിയ തുക -600000/- വികസന ഫണ്ട്

ചെലവ് -ബിൽ നം. 08/08.04.21 - 255000/-

നിർവ്വഹണോദ്യോഗസ്ഥൻ -വ്യവസായ വികസന ഓഫീസർ

മേൽ പ്രോജക്ട് പ്രകാരം അമ്മൂസ് കേക്ക് നിർമ്മാണ യൂണിറ്റ് (2-ാം വാർഡ്, പി.വെമ്പല്ലൂർ, എസ്.എൻ.പുരം) ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് പ്രകാരം 200000/- രൂപയുടെ ഉപകരണങ്ങളും, 100000/- രൂപയുടെ പ്രവർത്തന മൂലധനവും കൂടി ആകെ 300000/- രൂപ ആവശ്യമാണ്. ആയതിന്റെ 85% തുകയായ 2,55,000/- രൂപ പൂവുത്തുംകടവ് ഫാർമേഴ്സ് സഹകരണബാങ്കിന് കൈമാറിയിട്ടുണ്ട്. നാളിതുവരെ ടി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപ് തന്നെ തുക കൈമാറിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രവർത്തനം ആരംഭിക്കാത്തപക്ഷം നൽകിയ തുക പലിശയടക്കം തിരികെ ഈടാക്കേണ്ടതാണ്.
(ഓഡിറ്റ് എൻകൃയറി നം. 17/23.12.2021)

1-29 വനിത ഗ്രൂപ്പ് സംരംഭകർക്ക് പുതിയ യൂണിറ്റിന് സബ്സിഡി - (പട്ടികജാതി വനിത)- സംരംഭം നാളിതു വരെ ആരംഭിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ –വ്യവസായ വികസന ഓഫീസർ

പ്രോജക്ട് നം. 73/20-21

ചെലവ് –ബിൽ നം. 06/25.03.21 - 225000/-

മേൽ പ്രോജക്ട് പ്രകാരം ചേന അച്ചാർ, ധാന്യപ്പൊടി സംരംഭം ആരംഭിക്കുന്നതിന് പൂവത്തുശ്ശേരി ഫാർമേഴ്സ് സഹകരണബാങ്കിന്റെ വായ്പ അനുവദിച്ച രേഖയുടെ അടിസ്ഥാനത്തിൽ 2,25,000/- രൂപ ചേന എസ്.സി. സെൽഫ് ഗ്രൂപ്പിന്റെ വായ്പ അക്കൗണ്ടിലേക്ക് കൈമാറി. എന്നാൽ നാളിതു വരെ ടി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപ് തന്നെ ഇക കൈമാറിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രവർത്തനം ആരംഭിക്കാത്തപക്ഷം നൽകിയ ഇക പലിശയടക്കം തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 17/23.12.2021)

1-30 പരമ്പരാഗത കൈത്തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിത ഗ്രൂപ്പുകൾക്ക് ധനസഹായം-ഇക ക്രെഡിറ്റിൽ വന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – വ്യവസായ വികസന ഓഫീസർ

പ്രോജക്ട് നം. 75/20-21

വകയിരുത്തിയ ഇക –1000000/- എസ്.സി.പി. ഫണ്ട്
ബിൽ നം. 4/26.02.21 – 280000/-
ബിൽ നം. 5/26.02.21 – 80000
ബിൽ നം. 9/06.04.21 – 160000

ചെലവ് –ബിൽ നം. 06/25.03.21 - 225000/-

മേൽ പ്രോജക്ട് പ്രകാരം താഴെ പറയുന്ന പരമ്പരാഗത കൈത്തൊഴിലാളികളുടെ യൂണിറ്റുകൾക്ക് 40000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ഇക ക്രെഡിറ്റ് വന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	യൂണിറ്റിന്റെ പേര്	ഇക	റിമാർക്സ്
1	ഹരിതം തഴപ്പായ യൂണിറ്റ്, കയ്പമംഗലം	40000/-	ഇക ക്രെഡിറ്റിൽ വന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 5000/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.
2	ചെമ്പരത്തി തഴപ്പായ യൂണിറ്റ്	40000/-	ഇക ക്രെഡിറ്റിൽ വന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
3	വൈഗ തഴപ്പായ യൂണിറ്റ്, പി.വെമ്പല്ലൂർ	40000/-	ഇക ക്രെഡിറ്റിൽ വന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
4	ലക്ഷ്മി തഴപ്പായ യൂണിറ്റ്, വെമ്പല്ലൂർ	40000/-	ഇക ക്രെഡിറ്റിൽ വന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 10470/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

	5	നന്ദനം തൊഴുപ്പായ യൂണിറ്റ്, എസ്.എൻ.പുരം.	40000/-	29860/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഇക ക്രെഡിറ്റിൽ വന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
	6	ശ്രീവത്സം തൊഴുപ്പായ യൂണിറ്റ്, ചേലിയ്യാട്ട	40000/-	27000/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.
	7	നവനീതം പായ നെയ്ത്ത് യൂണിറ്റ്, പന്തായക്കോട്	40000/-	രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.
	8	ജ്യോതി തൊഴുപ്പായ യൂണിറ്റ്, ചേലിയ്യാട്ട	40000/-	ഇക ക്രെഡിറ്റിൽ വന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
	9	കീർത്തി തൊഴുപ്പായ യൂണിറ്റ്, മതിലകം	40000/-	ഇക ക്രെഡിറ്റിൽ വന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
	10	ഏഴ്അഴിൽ തൊഴുപ്പായ യൂണിറ്റ്, ചേലിയ്യാട്ട	40000/-	ഇക ക്രെഡിറ്റിൽ വന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
	11	നയന തൊഴുപ്പായ യൂണിറ്റ്, പന്തായ്ക്കോട്	40000/-	ഇക ക്രെഡിറ്റിൽ വന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
	12	ചൈതന്യ തൊഴുപ്പായ യൂണിറ്റ്	40000/-	ഇക ക്രെഡിറ്റിൽ വന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 29850/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.
	13	വന്ദന തൊഴുപ്പായ യൂണിറ്റ്, കുന്നുമംഗലം	40000/-	29950/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.
	14	റോസ് തൊഴുപ്പായ യൂണിറ്റ്, ചേലിയ്യാട്ട	40000/-	ഇക ക്രെഡിറ്റിൽ വന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല
	15	സഹൃദയ തൊഴുപ്പായ യൂണിറ്റ്, കുന്നുമംഗലം	40000/-	2021-22 സാമ്പത്തികവർഷത്തിലാണ് ഇക മാറിയിട്ടുള്ളതെങ്കിലും 2020-21 വർഷത്തെ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിട്ടുണ്ട്. 5150/- രൂപയുടെ ചെലവ്

			രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.
16	കുഷ്ഠ രോഗ യൂണിറ്റ്, കയ്യൂർമംഗലം	40000/-	ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.
17	ഭാവന രോഗ യൂണിറ്റ്, കയ്യൂർമംഗലം	40000/-	ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ പ്രകാരമുള്ള യൂണിറ്റുകളുടെ ബുക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്നതിന്റെ രേഖകൾ, ബുക് ചെലവഴിച്ചതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 17/23.12.2021)

1-31 കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികൾ നടത്തിപ്പ് ചട്ടങ്ങൾക്കനുസൃതമായി ടെൻഡർ നടത്തിയിട്ടില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ അനുസരിച്ച് പത്ത് ലക്ഷത്തിനു മുകളിൽ അൻപത് ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ സമർപ്പിക്കുവാൻ ഇരുപത് ദിവസത്തെ സമയം നൽകേണ്ടതും ടെണ്ടർ പരസ്യം കേരളത്തിലുടനീളം പ്രചാരമുള്ള രണ്ട് ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്. അമ്പത് ലക്ഷത്തിന് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ടെണ്ടർ സമർപ്പിക്കുവാൻ ഇരുപതു ദിവസം നൽകുന്നതിനു പുറമേ ആയതിന്റെ പരസ്യം രണ്ട് മലയാള ദിനപത്രങ്ങൾക്ക് പുറമേ ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും പരസ്യം ചെയ്യേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന മൂന്ന് പ്രവൃത്തികളുടെ ടെണ്ടർ പരസ്യം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്ന മാത്രമല്ല, 27/10/20 ലെ ടെണ്ടർ നോട്ടീസ് പ്രകാരമുള്ള പ്രവൃത്തികൾക്ക് ടെണ്ടർ സമർപ്പിക്കുവാനുള്ള അവസാനദിവസമായി രേഖപ്പെടുത്തിയിരിക്കുന്നത് 4/11/20 ആണ്. ഇവിടെ ടെണ്ടർ സമർപ്പിക്കുവാൻ ആകെ അനുവദിച്ചിരിക്കുന്ന സമയം കേവലം 7 ദിവസം മാത്രമാണ്. ഇത് മൂലം കേവലം രണ്ട് കരാറുകാർ മാത്രമേ ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളൂ. ടെണ്ടറിന്റെ മത്സരാധിഷ്ഠിത സ്വഭാവം ഇതുമൂലം നഷ്ടപ്പെട്ടുപോയി. പ്രവൃത്തികൾ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ	പ്രവൃത്തി	അടങ്കൽ
139/21	എറിയാട്, എടവിലങ്ങ്, ഗ്രാമപഞ്ചായത്തുകളുടെ അതിർത്തിയിലുള്ള അറപ്പത്തോടിൽ സ്ലൂയിസ് കം കൾവെർട്ട് നിർമ്മാണവും, പെരിഞ്ഞനം ഗ്രാമപഞ്ചായത്തിൽ അറപ്പത്തോട് സംരക്ഷണഭിത്തി കെട്ടലും	5830000 (CFC ഗ്രാന്റ്)
140/21	എസ്.എൻ.പുരം ഗ്രാമപഞ്ചായത്തിലെ അറപ്പത്തോടിൽ പാർശ്വഭിത്തി നിർമ്മാണം	5000000 (CFCഗ്രാന്റ്)
141/21	നിലവിലുള്ള സ്ലൂയിസിന് അറ്റകുറ്റപ്പണിയും എസ്.എൻ.പുരം, മതിലകം ഗ്രാമപഞ്ചായത്തുകളിലെ വലിയതോടിന് സംരക്ഷണഭിത്തി കെട്ടലും	8210000 (CFC ഗ്രാന്റ്)

ഇത് സംബന്ധിച്ച് 24.12.2021ന് നൽകിയ 19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളാണ്

പരമപ്രധാനമായിട്ടുള്ളത്. ആയതിൽ അനുശാസിക്കാത്ത വ്യവസ്ഥകളെ, കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിൽ പാലിക്കേണ്ടതുള്ളൂ. ആയതിനാൽ തന്നെ ഇത്തരം അപാകതകൾ ഭാവിയിൽ സംഭവിക്കാതിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-32 ക്ഷീര വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - വിനിയോഗ വിവരം ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – ക്ഷീര വികസന ഓഫീസർ

പ്രൊജക്ട് നമ്പർ – S00 113/21

ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി – ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ

അടങ്കൽ തുക – 11,50,000/-

ബിൽ നമ്പർ –

SP2/2020-21, 05.05.2020 – 2,39,464/-

SP3/2020-21, 05.05.2020 – 3,10,536/-

SP4/2020-21, 07.05.2020 – 2,00,000/-

SP5/2020-21, 11.05.2020 – 4,00,000/-

\- ----------

\- 11,50,000/-

\- ========

വിനിയോഗ വിവരം ലഭ്യമാക്കാത്ത പഞ്ചായത്തുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്ത്	നൽകിയ തുക
എസ്.എൻ.പുരം	5,50,000/-
എറിയാട്	2,00,000/-

വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 6/22-12-21) ആയത് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-33 കന്നുകുട്ടി പരിപാലനം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജക്ട് നമ്പർ – S00 114/21

പ്രൊജക്ട് – കന്നുകുട്ടി പരിപാലനം –ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ – സ്പിൽ ഓവർ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ – ക്ഷീര വികസന ഓഫീസർ

അടങ്കൽ തുക – 8,00,000/-

ബിൽ നമ്പർ – SP1/2020-21, 05.05.2020 – 4,00,000/-

SP6/2020-21 , 15.05.20 –2,00,000/-

SP7/2020-21, 19.05.20 – 2,00,000/-

\- ----------

\- 8,00,000/-

\- =======

വിനിയോഗ വിവരം ലഭ്യമാക്കാത്ത പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്	നൽകിയ തുക
എസ്.എൻ.പുരം	4,00,000/-
പെരിഞ്ഞനം	2,00,000/-
കയ്പമംഗലം	2,00,000/-

വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 11/22-12-21)

വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

1-34 സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ അപാകതകൾ കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	പദ്ധതി നം./പേര്	ട്രഷറി ബിൽ നം.	തുക	അപാകത
1	മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ (തനത് ഫണ്ട്), S0163/21	ചെക്ക് നം. 1343018/23.10.2020	90000/-	സാംഖ്യ സ്റ്റേറ്റ്മെന്റ് പ്രകാരം ഈ പദ്ധതിക്ക് ചെലവ് ഇല്ല. എന്നാൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചെക്ക് നം. 1343018/23.10.2020 പ്രകാരം 90000/- രൂപ VEGA Printers, മതിലകം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സാംഖ്യ സോഫ്റ്റ്വെയറിൽ എൻട്രി വരുത്തുവാൻ വിട്ടുപോയതാണ് എന്ന് പറഞ്ഞിട്ടുണ്ട്.
2	ഐ.കെ.എം.ന് പ്രവർത്തന ഫണ്ട്, S0003/21	04/20-21/28.05.20	60435/-	വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 10/22.12.2021)

1-35 UTR സ്റ്റേറ്റ്മെന്റുകൾ, പ്രൊജക്ട് ഫോറങ്ങൾ എന്നിവ ഫയലിനോടൊപ്പം സൂക്ഷിക്കുന്നില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹിച്ച പ്രൊജക്ടുകളുടെ UTR സ്റ്റേറ്റ്മെന്റുകൾ, പ്രൊജക്ട് ഫോറങ്ങൾ എന്നിവ ഫയലിനോടൊപ്പം സൂക്ഷിക്കുന്നില്ല. അതത് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്. UTR സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കേണ്ടതാണ്.

1-36 പി.എം.എ.വൈ ഭവന നിർമ്മാണം:- നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ ഭവന നിർമ്മാണം (പദ്ധതി നം. S00 14/21) (Spill Over) പദ്ധതികളുടെ രജിസ്റ്റർ പ്രകാരം മുൻഗണ കൊടുത്തിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഗുണഭോക്താക്കൾ	കൊടുത്തിയ തുക	കൊടുത്തിയ വർഷം
പ്രതിഭ, W/O തിലകൻ	356000/-	2017-18

അവിനാക്ഷൻ	376000/-	2017-18
അംബിക.സി.എസ്	376000/-	2017-18

പണി പൂർത്തികരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-37 നോൺ മിട്രിയാറ്റിക്ക് ക്യാമറ വാങ്ങൽ - ബാക്കി തുക ലഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

പ്രൊജക്ട് നമ്പർ	125/20-21
	പെരിഞ്ഞനം സി.എച്ച്.സി, മാടവന പി.എച്ച്.സി രോഗ വിഭാഗത്തിലേക്ക് ആവശ്യമായ നോൺ മിടിയാടിക് ക്യാമറ വാങ്ങൽ
അടങ്കൽ	769664/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം)
ചെലവ്	769664/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)
ബിൽ നമ്പർ	20/ 10.08.20

പ്രൊഫോർമ ഇൻവോയ്സ് 193/19-20 തിയതി 23.01.20 പ്രകാരം Handheld Non Mydriatic Camera Model -B-2 എണ്ണം വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മേൽ ബില്ല് പ്രകാരം തുക (769664/- രൂപ) കൈമാറിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിന്റെ സോഫ്റ്റ്വെയർ പ്രകാരം RIS – DO- 022 / 30.06.21 പ്രകാരം 4,06,560/- രൂപയുടെ 1 ക്യാമറ മാത്രമാണ് ലഭിച്ചിട്ടുള്ളതും സ്റ്റോക്കിലെടുത്തിട്ടുള്ളതും. ബാക്കി തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. ആയത് തിരികെ ലഭ്യമാക്കി സഞ്ചിത നിധിയിലേക്ക് അടവാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 23/24.12.2021)

1-38 മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും

സാമ്പത്തികവർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 15 പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ മുഴുവൻ പ്രൊജക്ടുകൾക്കു വേണ്ടിയും തുക ചെലവഴിക്കുവാൻ കഴിഞ്ഞത് വളരെ ശ്രദ്ധേയമാണ്. 8323782/- രൂപ അടങ്കലുള്ള പ്രവൃത്തികൾ ആവിഷ്കരിച്ചതിൽ 7324284/- രൂപ ചെലവഴിച്ചു.

ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മൂന്ന് പ്രവൃത്തികൾക്കു വേണ്ടിയും തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും 30.36% തുകയാണ് തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത് (5832637 X100/19040000).

പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തികരിക്കുവാൻ ടീമിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-39 ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല

2012 ലെ കേരള പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന മാർഗനിർദേശങ്ങൾ പ്രകാരമല്ല ബ്ലോക്ക് പഞ്ചായത്തിൽ നിർവഹണോദ്യോഗസ്ഥൻ ആയ അസിസ്റ്റന്റ് എൻജിനീയർ കരാറുകാരുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നത്. ഈ മാന്വലിലെ യാതൊരു മാനദണ്ഡവും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറിലെ നാലാം നിബന്ധന പ്രകാരം കേരള ഡിറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് പ്രവൃത്തി നിർവഹിക്കേണ്ടത്. കാലഹരണപ്പെട്ട കരാർ മാതൃകയാണിത്.

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൂടി ബാധകമാക്കിയതിനാൽ ആയതിനനുസൃതമായിട്ടുള്ള കരാർ ഉടമ്പടികളിൽ നിർബന്ധമായും ഏർപ്പെടേണ്ടതാണ്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം].

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വനിത ഗ്രൂപ്പ് സംരംഭങ്ങൾക്ക് പുതിയ യൂണിറ്റിന് സബ്സിഡി (ജനറൽ) - സബ്സിഡി അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വ്യവസായ വികസന ഓഫീസർ

പ്രോജക്ട് നം. 91/21 (സ്പിൻ ഓവർ)

വൗച്ചർ നം. തീ -22000675/13.01.21 - 514275/-

ശ്രീകൃഷ്ണ ആക്ടിവിറ്റി ഗ്രൂപ്പ് പ്രവർത്തന റിപ്പോർട്ട് പ്രകാരം പ്രവർത്തനത്തിനാവശ്യമായ ഫണ്ട് - 3,00,000/- (ബാങ്ക് ലോൺ) + 50,000/- (ഗ്രൺഭോക്തൃവിഹിതം) കൂടി 3,50,000/- രൂപയാണ്. ആയതിന്റെ 85% മാത്രമാണ് സബ്സിഡിയിനത്തിൽ നൽകേണ്ടത്. എന്നാൽ ഇതിന് വിരുദ്ധമായി 1500/- രൂപ അധികം നൽകിയിട്ടുണ്ട്. 3,50,000 X 85% = 2,97,500/- നൽകേണ്ടതിന് പകരം 2,99,000/- രൂപ മേൽ പ്രകാരം നൽകിയിട്ടുണ്ട്. അധികം നൽകിയ 1500/- രൂപ തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 17/23.12.21)

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ഗ്രാമ പഞ്ചായത്ത്	2020-21	1784000	പി.എം.എ.വൈ (ജനറൽ)	1784000	0
ജില്ലാ പഞ്ചായത്ത്	2020-21	686000	പി.എം.എ.വൈ (ജനറൽ)	686000	0

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

1999-20	3(4)	2006-07	3.55.1	അറ്റുഗാല പാഴ്ചെലവ്	20.12.21 ൽ നടന്ന യോഗത്തിൽ പരിഗണിച്ചില്ല. അടുത്ത യോഗത്തിലേയ്ക്ക് മാറ്റിവെച്ചു.
2000-01	3(6)	2006-07	3.55.2	റോഡ് റോളർ വാങ്ങിയത് ഉപയോഗിക്കാതെ കിടക്കുന്നു.	20.12.21 ൽ നടന്ന യോഗത്തിൽ പരിഗണിച്ചില്ല. അടുത്ത യോഗത്തിലേയ്ക്ക് മാറ്റിവെച്ചു.
2001-02	3(10)	2006-07	3.55.3	മതിലകം മാർക്കറ്റ് നിർമ്മാണം അപാകത	20.12.21 ൽ നടന്ന യോഗത്തിൽ പരിഗണിച്ചില്ല. അടുത്ത യോഗത്തിലേയ്ക്ക് മാറ്റിവെച്ചു.

4-8 ചാർജ്ജ് സർചാർജ്ജ്

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	79403225/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	81225439/-
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	1500
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	-

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1	-	1500	ശ്രീ. മനോജ്.ടി, വ്യവസായ വികസന ഓഫീസർ, മതിലകം ബ്ലോക്ക് പഞ്ചായത്ത്
ആകെ	-		

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേര്, ഉദ്യോഗപ്പേര്	ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം (ഓഡിറ്റ് നടന്ന സമയം)	സ്ഥിരം മേൽവിലാസം
ശ്രീ. മനോജ്.ടി വ്യവസായ വികസന ഓഫീസർ	വ്യവസായിക വികസന ഓഫീസർ, മതിലകം ബ്ലോക്ക് പഞ്ചായത്ത്	മനോജ്. ടി തെക്കേതലക്കൽ (H) പെരിഞ്ഞനം 680686

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1995-96 മുതൽ 98-99 വരെ	എൽ.എഫ്.ടി.19-861/06/ 12.10.06/28.2.07
1999-2000	എൽ.എഫ്.ടി.12-851/06/12.10.06
2000-01	എൽ.എഫ്.ടി.12-850/06/12.10.06/28.2.07
2001-02	എൽ.എഫ്.ടി.12-849/06/31.10.06/1.3.07
2002-03	എൽ.എഫ്.ടി.21-2569/07/25.11.2008
2003-04	എൽ.എഫ്.ടി.21-2568/07/25.11.08
2004-05	എൽ.എഫ്.ടി.21-2567/07/25.11.08
2005-06	എൽ.എഫ്.ടി.21-795/09/22.5.10
2006-07	എൽ.എഫ്.ടി.21-796/09/22.5.10/3.12.10
2007-08	എൽ.എഫ്.ടി.21-67/12/28.5.12/5.9.12
2008-09	എൽ.എഫ്.ടി.21-68/12/28.5.12/5.9.12
2009-10	എൽ.എഫ്.ടി.21-69/12/28.5.12/5.9.12
2010-11	എൽ.എഫ്.ടി.21-69/12/28.5.12/5.9.12
2011-12	എൽ.എഫ്.ടി.(ബി.പി)222/13/1.8.13/4.11.13
2012-13	എൽ.എഫ്.ടി. (ബി.പി)1025/2014/8.10.14/3.12.14
2013-14	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)31/16/8.01.2016
2014-15,2015-16	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)662/2017/2.06.17/12.6.17
2016-17	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)1743/2017/8.12.17
2017-18	കെ.എസ്.എ-ടി.എസ്.ആർ

	(ബി.പി2)52/2019/26.3.2019
2018-19	കെ.എസ്.എ.ടി.എസ്.ആർ(ബി.പി2)138/2020 തി.05.06.2020
2019-20	കെ.എസ്.എ.ടി.എസ്.ആർ(പി9)60/2022 തി.07.05.2022

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്